"ഭരണഭാഷ-മാതൃഭാഷ"

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

P4-4907/2023/PrHQ തീയതി : 15-02-2023

**കൊട്ടേഷൻ നോട്ടീസ്**

| | |
|---|---|
| കൊട്ടേഷൻ നം. | പി4-4907/2023 |
| കൊട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | 22-02-2023ന് ഉച്ചയ്ക്കുശേഷം 3 മണിവരെ |
| കൊട്ടേഷനുകൾ തുറക്കുന്ന തീയതിയും സമയവും | 22-02-2023ന് ഉച്ചയ്ക്കുശേഷം 4 മണി |
| രേഖപ്പെടുത്തുന്ന നിരക്ക് പ്രാബല്യത്തിലുണ്ടായിരിക്കേണ്ട കാലയളവ് | 1 മാസം |
| കൊട്ടേഷൻ സമർപ്പിക്കേണ്ട വിലാസം | ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പ്, ജയിൽ ആസ്ഥാനകാര്യാലയം, തിരുവനന്തപുരം-695 012 |
| കൊട്ടേഷൻ സമർപ്പിക്കുന്ന കവറിന് പുറത്ത് **ജയിൽ വകുപ്പിലേയ്ക്ക് ടാലി സോഫ്റ്റ്‌വെയർ സപ്ലൈ ചെയ്യുന്നതിനുള്ള കൊട്ടേഷൻ'** എന്ന് എഴുതേണ്ടതാണ്. | |

***ജയിൽ വകുപ്പിലെ വിവിധ ജയിലുകളിലെ വ്യവസായ യൂണിറ്റുകളിലേയ്ക്ക് ടാലി സോഫ്റ്റ്‌വെയർ സപ്ലൈ ചെയ്ത് ഇൻസ്റ്റാൾ ചെയ്യുന്നതിന് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മുദ്രവച്ച കൊട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.***

| |
|---|
| **സ്പെസിഫിക്കേഷൻ** |
| 1. Tally Prime Multiuser- 1 no. |
| 2. Tally Virtual User – 15 nos. |

P4-4907/2023/PrHQ c71316

താഴെ പറയുന്ന സ്ഥാപനങ്ങളിലാണ് സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യേണ്ടത്.

1. സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം
2. സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ
3. സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, കണ്ണൂർ
4. തുറന്ന ജയിൽ & കറക്ഷണൽ ഹോം, നെട്ടുകാൽത്തേരി
5. തുറന്ന ജയിൽ & കറക്ഷണൽ ഹോം, ചീമേനി
6. ജില്ലാ ജയിൽ, കൊല്ലം
7. ജില്ലാ ജയിൽ, എറണാകുളം
8. ജില്ലാ ജയിൽ, കോഴിക്കോട്
9. സ്പെഷ്യൽ സബ് ജയിൽ, തിരുവനന്തപുരം
10. വനിതാ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം
11. വനിതാ ജയിൽ & കറക്ഷണൽ ഹോം, വിയ്യൂർ
12. വനിതാ ജയിൽ & കറക്ഷണൽ ഹോം, കണ്ണൂർ
13. വനിതാ തുറന്ന ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം

***<u>നിബന്ധനകളും വ്യവസ്ഥകളും</u>***

1. 22-02-2023ന് 3 പി.എംന് ശേഷം ലഭിക്കുന്ന ക്വൊട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ലഭിച്ച ക്വൊട്ടേഷനുകൾ ടി ദിവസം 4 പി.എംന് ഹാജരുള്ള ക്വൊട്ടേഷൻ സമർപ്പിച്ച സ്ഥാപനത്തിന്റെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.
2. ക്വൊട്ടേഷൻ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ ഓഫീസ് അവധിയായിരുന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ക്വൊട്ടേഷൻ തുറക്കുന്നതായിരിയ്ക്കും.
3. രേഖപ്പെടുത്തുന്ന നിരക്ക് എല്ലാവിധ ടാക്സും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഉൾപ്പെടെയായിരിക്കേണ്ടതാണ്.
4. ക്വൊട്ടേഷനിൽ പങ്കെടുക്കുന്ന സ്ഥാപനത്തിന് ജി.എസ്.ടി, PAN രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്. ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്.
5. ക്വൊട്ടേഷൻ സമർപ്പിക്കുന്ന സ്ഥാപനത്തിന്, ക്വൊട്ടേഷൻ സമർപ്പക്കേണ്ട അവസാന തീയതിയ്ക്ക്, ടി മേഖലയിൽ രണ്ട് വർഷത്തെയെങ്കിലും പ്രവർത്തിപരിചയം ഉണ്ടായിരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ക്വൊട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.
6. ക്വൊട്ടേഷൻ അംഗീകരിച്ച് വർക്ക് ഓർഡർ നൽകി 7 ദിവസത്തിനകം, ടാലി പ്രൈ സോഫ്റ്റ്‌വെയർ ന് ആവശ്യമായ configuration, testing of data synchronization എന്നിവ ഉൾപ്പെടെ, സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത് (Supply, installation, testing & commissioning) പ്രവർത്തനക്ഷമമാക്കേണ്ടതാണ്.
7. കരാർ ലഭിയ്ക്കുന്ന സ്ഥാപനം പ്രസ്തുത സോഫ്റ്റ്‌വെയർ കൈകാര്യം ചെയ്യുന്നതിന് ജയിൽ ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതാണ്.
8. നിശ്ചിത തീയതിയ്ക്കകം പ്രവൃത്തി പൂർത്തിയാക്കാത്തപക്ഷം, താമസിയ്ക്കുന്ന ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.5% പിഴ (പരമാവധി 5% വരെ) ഈടാക്കുന്നതാണ്. പ്രസ്തുത തുക കരാറുകാരന് നൽകുവാനുള്ള തുകയിൽ നിന്നും ഈടാക്കുന്നതാണ്.
9. **വാറന്റി –** സോഫ്റ്റ്‌വെയറിന് 1 വർഷം വാറന്റി / സപ്പോർട്ട് ഉണ്ടായിരിക്കേണ്ടതാണ്. വാറന്റി കാലയളവിൽ സംഭവിയ്ക്കുന്ന തകരാറുകൾ ജയിൽ വകുപ്പിന് സാമ്പത്തിക ബാധ്യത കൂടാതെ

പരിഹരിക്കേണ്ടതാണ്.

10. തകരാറുകൾ, റിപ്പോർട്ട് ചെയ്ത് 24 മണിക്കൂറുകൾക്കകം (അവധി ദിനങ്ങൾ ഒഴികെ) പരിഹരിക്കേണ്ടതാണ്.
11. പേയ്മെന്റ് വ്യവസ്ഥ:- സോഫ്റ്റ്‌വെയർ സപ്ലൈ ചെയ്ത് ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനക്ഷമമാക്കിയശേഷം തുക അനുവദിയ്ക്കുന്നതാണ്.
12. നിശ്ചിത സമയപരിധിയുടെ 10 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്ന പക്ഷം കരാർ റദ്ദാക്കുന്നതിന് വകുപ്പിന് അധികാരമുണ്ടായിരിയ്ക്കുന്നതാണ്.
13. ക്വൊട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ ജയിൽ ആസ്ഥാനകാര്യാലയം പ്ലാനിംഗ് ഡിവിഷനുമായി (ഫോൺ നം. 0471-2342532/ 2344161/ 2344162; Email: keralaprisons@gov.in) ബന്ധപ്പെടാവുന്നതാണ്.
14. ക്വൊട്ടേഷനുകൾ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും പൂർണ്ണമായ അധികാരം സ്ഥാപനമേധാവിയിൽ നിക്ഷിപ്തമായിരിക്കും.
15. കാരണം കൂടാതെ തന്നെ ക്വൊട്ടേഷൻ നോട്ടീസ് റദ്ദ് ചെയ്യുവാൻ സ്ഥാപനമേധാവിയ്ക്ക് അധികാരമുണ്ടായിരിക്കും.
16. ക്വൊട്ടേഷനുമായി ബന്ധപ്പെട്ട തർക്കങ്ങൾ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ കോടതിയുടെ അധികാരപരിധിയിലായിരിക്കും.

1) നോട്ടീസ് ബോർഡ്,
ജയിൽ ആസ്ഥാനകാര്യാലയം
2) ജയിൽ വകുപ്പ് വെബ്സൈറ്റ്
3) നോട്ടീസ് ബോർഡ്, കോർപ്പറേഷൻ ഓഫീസ്, തിരുവനന്തപുരം.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി